# ദൈവം?

പി. അബ്ദുല്ല കുട്ടി ak@vazhi.org

ദിനരാത്രഭേദമന്യെ തൻെറ കൺമുമ്പിൽ ചലിച്ചുകൊണ്ടിരിക്കുന്ന ഈ പ്രപഞ്ചമാകുന്ന യന്ത്രശാലയെ കേവലം ഒരു മൃഗത്തെപ്പോലെ നോക്കിക്കാണാതെ ബുദ്ധി ഉപയോഗിച്ചു അതിൻെറ ഘടനയെക്കുറിച്ച് അല്പം ബോധപൂർവം ചിന്തിക്കുകയും ദുശ്ശാഠ്യത്തിൽനിന്നും പക്ഷപാതത്തിൽനിന്നും സ്വതന്ത്രമായി അതിനെ നിരീക്ഷിക്കുകയും ചെയ്യുന്നപക്ഷം ഈ മഹൽപ്രപഞ്ചം സർവ്വശക്തനും അഗാതജ്ഞനുമായ ഒരു കർത്താവിൻെറ ആജ്ഞക്ക് വിധേയമാണെന്നും സകലവിധ അധികാരങ്ങളും അവൻെറ മാത്രം പിടിയിലാണെന്നും മറ്റാരുടെയും കൈകടത്തലിനും പങ്കാളിത്തത്തിനും ഇതിൽ തീരെ പഴുതില്ലെന്നും മനസ്സിലാക്കാം.

വിസ്മയാവഹമായ ഈ പ്രപഞ്ചവ്യവസ്ഥയെക്കുറിച്ച് ചിന്തിക്കുന്ന ഏതു വ്യക്തിയുടെയും മനസ്സ് ഇതൊന്നും സ്വയമങ്ങ് ഉണ്ടായിത്തീരുക സാധ്യമല്ലെന്ന് സാക്ഷ്യം വഹിക്കുന്നതാണ്. ഇതിൽ യുക്തിസഹജമായ ഒരാസൂത്രണത്തിൻെറ പ്രവർത്തനം വ്യക്തമായും കാണാം.

വെള്ളം, വായു, കാലാവസ്ഥ എന്നിവ സസ്യലതാദികൾക്കനുസൃതമായും, സസ്യലതാദികൾ മൃഗങ്ങളുടെയും മനുഷ്യരുടെയും ആവശ്യങ്ങൾക്കനുസരിച്ചും അങ്ങേയറ്റം സൂക്ഷ്മമായും കണിശമായും സംവിധാനിച്ചിരിക്കുന്നത് തികച്ചും യാദൃശ്ചികമായി രൂപംകൊള്ളുക സാധ്യമാണെന്ന് ബുദ്ധിയുള്ള ഒരു മനുഷ്യനും സങ്കൽപിക്കാനാവുകയില്ല. കൂടാതെ ഇത് അനേകം സൃഷ്ടികർത്താക്കളുടെ പ്രവർത്തനഫലമല്ലെന്നതിനും ഇതേ വ്യവസ്ഥതന്നെ തെളിവത്രെ.

ഭൂമി അന്തരീക്ഷത്തിൽ സ്വയമിങ്ങനെ ചലിച്ചുകൊണ്ടിരിക്കുക, സമുദ്രങ്ങളിൽനിന്നു നീരാവി ഉയുയരുക, കാറ്റുകൾ അതിനെ ചലിപ്പിക്കുക, അവയെ ശേഖരിച്ചു മേഘങ്ങളാക്കുക, പിന്നെ അതിനെ ഖണ്ഡങ്ങളാക്കി കീറി ഭൂമിയുടെ പല ഭാഗങ്ങളിലെത്തിക്കുക, അവിടവിടെ മഴയായി പെയ്യിക്കുക ഇതൊന്നും യാദൃശ്ചിക സംഭവത്താലുണ്ടാകുന്നതല്ല.

ഈ വ്യവസ്ഥയിൽ വ്യക്തമായ ഒരു ലക്ഷ്യബദ്ധതയും കണിശമായ ഒരു നിയമവും പ്രവർത്തിക്കുന്നതായി നമുക്കുകാണാം.

ഭൂമിയിലെ മനുഷ്യരുടെയും ജന്തുക്കളുടെയും സസ്യങ്ങളുടെയും ജീവിതം ഈ കാറ്റുകളോടും മഴയോടും അഗാധമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്ന് നാം പ്രത്യക്ഷത്തിൽ കണ്ടുകൊണ്ടിരിക്കുന്നു. ജലത്തിൻെറ ഈ ഏർപ്പാടുകൾ സജീവസൃഷ്ടികളുടെ നിലനില്പിൻെറയും ജീവിതത്തിൻെറയും ആവശ്യങ്ങൾക്ക് തികച്ചും അനുഗുണമായും ഒരു നിയമമനുസരിച്ചും നിശ്ചയിക്കപ്പെട്ടതാണെന്ന് ഈ സംവിധാനം സ്പഷ്ടമായി സാക്ഷ്യപ്പെടുത്തുന്നു.

ശ്വസിക്കാനുള്ള പ്രാണവായു നിറഞ്ഞ അന്തരീക്ഷമുള്ള, മഴമേഘങ്ങളെ കൊണ്ടു വരുന്ന, സൂര്യൻ പകൽ വെളിച്ചവും ചൂടും സജ്ജീകരിക്കുന്ന, ചന്ദ്രനും നക്ഷത്രങ്ങളും രാവിനെ പ്രകാശിതമാക്കുന്ന ഈ ആകാശം എങ്ങനെയുണ്ടായി?
പദാർത്ഥരൂപം സ്വീകരിച്ച പ്രാഥമിക ഊർജം എവിടന്നുണ്ടായി?
പിന്നെ ഈ പഥാർത്ഥത്തിൻെറ നിരവധി രൂപങ്ങറ എങ്ങനെയുണ്ടായി?
പിന്നെ ഇത്രയും യുക്തിബന്ധുരമായ, ഈ പദാർത്ഥഘടനയിലൂടെ ഈ വിധം അദ്ഭുതകരമായ, പരസ്പരം യോജിപ്പുള്ള, അമ്പരപ്പുളവാക്കുന്ന ഈ പ്രാപഞ്ചിക വ്യവസ്ഥ നിലവിൽ വന്നതെങ്ങനെ?
അനന്തരം യുഗാന്തരങ്ങളായി സുശക്തമായ ഒരു നിയമവ്യവസ്ഥയാൽ ബന്ധിതമായി ചലിച്ചുകൊണ്ടിരിക്കുന്നതെങ്ങനെ?

ഏതൊരു ഗോളത്തിലാണോ മനുഷ്യൻ ജീവിക്കുകയും വസിക്കുകയും ചെയ്യുന്നത്, ഏതൊരു ഗോളത്തിലെ വിളവുകറകൊണ്ടാണോ അവൻെറ ആവശ്യങ്ങളെല്ലം നിവർത്തിക്കുന്നത്, ഏതൊരു ഗോളത്തിലെ ഉറവകളെയും ജലസംഭരണികളെയും ആശ്രയിച്ചാണോ അവൻെറ ജീവിതം, ആ ഭൂഗോളം ഇവ്വിധം വിസ്തൃതമായതെങ്ങനെ?
പല വർണങ്ങളിലുള്ള മണ്ണും കല്ലും പലയിനം ഖനിജങ്ങളും ചേർന്നുറച്ചു നില്ക്കുന്ന ഈ പർവതങ്ങളെങ്ങനെ ഉയർന്നുവന്നു?
ഇതൊക്കെ സർവശക്തനും നിർമാണനിപുണനുമായ ഒരു നിർമാതാവിൻെറ കരവിരുതില്ലാതെ നിലവിൽ വന്നതാണോ?

ഇത്തരം കാര്യങ്ങളെക്കുറിച്ച് ആഴത്തിൽ ആലോചിച്ചുനോക്കുന്നപക്ഷം ഏതൊരു നിഷ്പക്ഷ ബുദ്ധിയും എത്തിച്ചേരുന്നത് ഇതെല്ലാം സർവജ്ഞനും യുക്തിജ്ഞനുമായ ഒരുവൻെറ അജയ്യമായ ഇച്ഛയാലല്ലാതെ, കേവല യാദൃശ്ചികതയുടെയോ ആകസ്മികതയുടെയോ ഫലമായി ഉണ്ടാവുക സാധ്യമല്ലെന്നും ഇതെല്ലാം പല സൃഷ്ടികർത്താക്കളുടെ പ്രവർത്തനഫലമല്ലെന്നും ഒരേയൊരു സ്രഷ്ടാവാണ് മുഴുവൻ പ്രപഞ്ചത്തിൻെറയും സ്രഷ്ടാവും നാഥനുമെന്നും സന്ദേഹമന്യെ സമ്മതിക്കും.
മനുഷ്യൻ രാവും പകലും ഈ ഭൂമിയിലെ ഉൽപന്നങ്ങറ ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. അതൊരു സാധാരണ സംഭവം മാത്രമായേ അവൻ കണക്കാക്കുന്നുള്ളു. എന്നാൽ അശ്രദ്ധയുടെ തിരശ്ശീല തട്ടിമാറ്റി ആഴത്തിൽ ദൃഷ്ടിയോടിക്കുന്ന പക്ഷം അവന് കാര്യം മനസ്സിലാകും. ഈ മൺതലത്തിൽ പച്ചപ്പട്ടുടുത്ത് പരന്നുകിടക്കുന്ന കൃഷിയിടങ്ങളും വൃക്ഷനിബിഡമായ തോപ്പുകളും ഉണ്ടാകുന്നതും അവക്കിടയിലൂടെ അരുവികളും ആറുകളും ഒഴുകിക്കൊണ്ടിരിക്കുന്നതും ഒരു തമാശയൊന്നുമല്ലെന്ന് അപ്പോഴവന്ന് ബോധ്യപ്പെടും. അവയൊന്നുംതന്നെ സ്വയം ഉണ്ടായിപ്പോകുന്നതല്ലെന്നും മറിച്ച് അവയുടെയെല്ലാം പിന്നിൽ അതിമഹത്തായ ഒരു യുക്തിയും ശക്തിയും രക്ഷാകർത്തൃത്വവും സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും കാണാൻ കഴിയും.

ഈ പ്രപഞ്ചം ഒരു വ്യവസ്ഥാപിത സംവിധാനമാകുന്നു.
പ്രപഞ്ചത്തിൻെറ ഓരോ കണികയും, അത് തികഞ്ഞ യുക്തിബോധത്തോടെ നിർമ്മിക്കപ്പെട്ടതാണെന്നതിന് സാക്ഷിയാകുന്നു.

ഭൂമി മുതൽ പ്രപഞ്ചത്തിലെ അതിവിദൂര ഗോളങ്ങൾ വരെ ഒറ്റവിധം ധാതുക്കളാൽ സംഘടിക്കപ്പെട്ടതും ഒരേ പ്രകൃതിനിയമങ്ങൾക്ക് വിധേയവുമാണ്.

ഓരോ വസ്തുവും ഒരു നിയമത്തെ അനുസരിച്ചുകൊണ്ടിരിക്കുന്നു. ഓരോ സാധനവും സലക്ഷ്യമാണ്. മനുഷ്യൻെറ ശാസ്ത്രീയമായ അപഗ്രഥനത്തിനും ഗവേഷണ പഠനത്തിനും വിധേയമായ ഏതു വസ്തുവിനെക്കുറിച്ചും അതെന്തു ലക്ഷ്യത്തിനായി നിർമിക്കപ്പെട്ടതാണെന്നുകൂടി മനസ്സിലാക്കപ്പെട്ടിട്ടുണ്ട്. ആ ലക്ഷ്യം മനസ്സിലാക്കിയതിലൂടെയാണ് മനുഷ്യൻ ഇന്ന് നാഗരികതയുടെ ഭാഗമായിത്തീർന്ന എണ്ണമറ്റ പുതിയ വസ്തുക്കൾ കണ്ടുപിടിടിക്കാൻ കഴിഞ്ഞത്. പ്രപഞ്ചം ലക്ഷ്യമോ ആസൂത്രണമോ ഒന്നുമില്ലാത്തൊരു കളിക്കുട്ടിയുടെ കളിക്കോപ്പ് മാത്രമായിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കുമായിരുന്നില്ല.

ഭൂമി, അതിലെ പർവതങ്ങൾ, നമ്മുടെ ജനനം, ഉറക്കം, ഉണർവ്, രാപകൽ ക്രമം, പ്രപഞ്ചത്തെ നിലനിർത്തുന്ന വ്യവസ്ഥ, ആകാശത്തിൽ കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യൻ, മേഘങ്ങൾ വർഷിക്കുന്ന മഴ, അതുണ്ടാക്കുന്ന സസ്യലതാദികൾ ഇവയൊക്കെ സൂക്ഷിച്ചു വീക്ഷിച്ചാൽ രണ്ടു കാര്യം വ്യക്തമാകും.
ഒന്ന്: ഇതൊന്നും അജയ്യമായ ഒരു ശക്തിയെക്കൂടാതെ ഉണ്ടാവുകയോ ഇത്ര വ്യവസ്ഥാപിതമായി ചലിച്ചുകൊണ്ടിരിക്കുകയോ സാധ്യമല്ല.
രണ്ട്: അവയിലോരോന്നിലും മഹത്തായ ഒരു യുക്തി പ്രവർത്തിക്കുന്നുണ്ട്. ഒന്നും ഉദ്ദേശ്യരഹിതമായി ഉണ്ടാകുന്നില്ല.

അതെ ഭൂമി, വെള്ളം, സൂര്യൻ, സസ്യലതാദികൾ, ജീവജാലങ്ങൾ, മനുഷ്യരാശി എന്നിവയുടെയെല്ലാം സ്രഷ്ടാവും സംരക്ഷകനുമായ പ്രപഞ്ചനാഥൻെറ വ്യവസ്ഥയാണിതെന്നു മാത്രമല്ല, അങ്ങനെ മാത്രമേ ആകാൻ നിർവാഹമുള്ളു. ഇവയോരോന്നിനും പ്രത്യേകം പ്രത്യേകം സൃഷ്ടികർത്താക്കളാണുള്ളതെങ്കിൽ ഇത്ര സമഗ്രവും സൂക്ഷ്മവും അങ്ങേയറ്റം യുക്തിനിഷ്ഠവുമായ യോജിപ്പോടുകൂടിയ ഒരാസൂത്രണം രൂപം കൊള്ളുകയും കോടിക്കണക്കിൽ വർഷങ്ങളായി ഇത്ര വ്യവസ്ഥാപിതമായി നിലനിന്നുവരികയും ചെയ്യുകയെന്നത് എങ്ങനെ സങ്കൽപിക്കാൻ കഴിയും?

## ദൈവാസ്തിക്യത്തിൻെറ ഭൗതിക ദൃഷ്ടാന്തങ്ങൾ

''തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറിമാറിവരുന്നതിലും ബുദ്ധിയുള്ളവർക്കു പല ദൃഷ്ടാന്തങ്ങളുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമ്മിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:)ഞങ്ങളുടെ രക്ഷിതാവേ, നീ നിരർത്ഥമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽനിന്ന് ഞങ്ങളെ നീ കാത്തു രക്ഷിക്കണേ.''

(വിശുദ്ധ ഖുർആൻ 3:190,191)

മനുഷ്യൻ രാപ്പകൽ ദർശിച്ചുകൊണ്ടിരിക്കുകയും എന്നാൽ ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്യാതെ അവഗണിച്ചുകളയുകയും ചെയ്യുന്ന വസ്തുക്കൾ

ക്കുള്ളിൽ യാഥാർത്ഥ്യങ്ങളിലേക്ക്‌ വിരൽ ചൂണ്ടുന്ന ചില സുപ്രധാന ദൃഷ്ടാന്തങ്ങൾ താഴെ.

# 1

## ഇണകൾ

''എല്ലാറ്റിനെയും ഇണകളായി സൃഷ്ടിക്കുകയും കപ്പലുകളിലും നാൽകാലി മൃഗങ്ങളിലും നിങ്ങൾ കയറിപ്പോകുന്ന വാഹനങ്ങൾ നിങ്ങൾക്ക്‌ ഉണ്ടാക്കുകയും ചെയ്തവൻ.'' (വി.ഖു. 43:12)

''അവൻ നിങ്ങൾക്ക്‌ സ്വജാതിയിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും അവരുടെ സാന്നിദ്ധ്യത്തിൽ നിങ്ങൾ ശാന്തി നുകരാൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. നിശ്ചയം ചിന്തിക്കുന്ന ജനത്തിന്‌ ഇതിൽ നിരവധി ദൃഷ്ടാന്തങ്ങളുണ്ട്‌.'' (വി.ഖു. 30:21)

ഭൂമിയുടെ നിർമിതിയിലടങ്ങിയിട്ടുള്ള പദാർത്ഥങ്ങളിൽ സ്വയം വളർന്നു വികസിക്കാനുള്ള ഒരു ശക്തിയുമില്ല. ഈ പദാർത്ഥങ്ങൾ ഒന്നൊന്നായി എടുത്തു നോക്കിയാലും എല്ലാവിധ മിശ്രണങ്ങളും നടത്തിയശേഷം പരിശോധിച്ചാലും അവ തീരെ വികാസശൂന്യവും ജൈവലക്ഷണവുമില്ലാത്തതുമാണെന്നു കാണാം. നിർജീവമായ പദാർത്ഥങ്ങളിൽപോലും വിവിധ വസ്തുക്കളെ പരസ്പരം സന്ധിപ്പിച്ചാൽ വ്യത്യസ്ത വസ്തുക്കൾ ഉടലെടുക്കുന്നതായിക്കാണാം. പദാർത്ഥങ്ങളുടെ അടിസ്ഥാന ഘടകംതന്നെ പോസിറ്റീവും നെഗറ്റീവുമാകുന്ന വൈദ്യുതശക്തിയുടെ പരസ്പര ബന്ധത്തിലധിഷ്ഠിതമത്രെ. പ്രപഞ്ചം മുഴുവൻ ഉത്ഭവിക്കുന്നതിന്‌ കാരണമായ ഈ ഇണ ചേർക്കൽ പ്രക്രിയയിൽ സൃഷ്ടിയിലടങ്ങിയ അതിമഹത്തായ യുക്തിയുടെ സൂക്ഷ്മ വശങ്ങളും നിഗൂഢതകളും ഉൾകൊള്ളുന്നു.

രണ്ട്‌ ഇണകൾക്കിടയിലാകട്ടെ ആശ്ചര്യകരമായ യോജിപ്പുകൾ കാണപ്പെടുന്നു. ഇതെല്ലാം കേവലം യാദൃഛിക സംഭവങ്ങളാണെന്ന്‌ നിഷ്പക്ഷബുദ്ധിയുള്ള ഏതൊരാളും പറയുകയില്ല. അപ്രകാരംതന്നെ അസംഖ്യം ഇണകളെ സൃഷ്ടിച്ച്‌ യുക്തിയുക്തം സംയോജിപ്പിച്ചിരിക്കുന്നത്‌ വ്യത്യസ്ത സൃഷ്ടികർത്താക്കളായിരിക്കാമെന്ന വാദവും അംഗീകരിക്കുക അസാധ്യമാണ്‌.

ഇണകൾ തമ്മിലുള്ള യോജിപ്പും അവയുടെ പരസ്പര ബന്ധങ്ങളിൽനിന്ന്‌ പുതിയ വസ്തുക്കൾ ജനിക്കുന്നതും സ്വന്തമായെടുത്താൽതന്നെ സൃഷ്ടികർത്താവിൻെറ ഏകത്വത്തിൻെറ വ്യക്തമായ തെളിവത്രെ.

മനുഷ്യരിലെ ആണും പെണ്ണും ജന്തുക്കളിലെയും സസ്യങ്ങളിലെയും പിടയും ചേവലും മാത്രമല്ല ഇണകൾകൊണ്ടുദ്ദേശ്യം. സ്രഷ്ടാവ്‌ ഒന്നിനെ മറ്റൊന്നിൻെറ ജോഡിയാക്കി സൃഷ്ടിച്ചിട്ടുള്ളതും ജോഡിസങ്കലനത്തിലൂടെ പുതിയ പുതിയ വസ്തുക്കൾ ഉണ്ടാവാനിടയാകുന്നതുമായ എണ്ണമറ്റ ഇതര വസ്തുക്കളും അതിൻെറ വിവക്ഷയിൽപ്പെടുന്നു. പരസ്പരംജോഡിയാകുന്ന ധാതുക്കൾ കൂടിച്ചേർന്ന്‌ പല പല ഘടനകൾ ഉണ്ടായിത്തീരുന്നു. വൈദ്യുതിജോഡികളുടെ (ന്യൂട്ടറും ഫൈസും) പരസ്പരാകർഷണം അദ്ഭുതകരമായ അനേകം പ്രതിഭാസങ്ങളുടെ മാധ്യമമായിത്തീരുന്നു. ഇതും, പലതരം സൃഷ്ടിക്കുള്ളിൽ ഉളവാക്കിയിട്ടുള്ള മറ്റസംഖ്യം

ഇണകളും അവയുടെ ഘടനയും തമ്മിൽ പൊരുത്തവും അനേകം രൂപങ്ങളി ലുള്ള പരസ്പര പ്രവർത്തനവും അവയുടെ സങ്കലനം മൂലം ഉളവാകുന്ന അനന്ത ര ഫലങ്ങളും എല്ലാം ബോധപൂർവം വീക്ഷിക്കുന്ന ഒരുവൻെറ മനസ്സ്, പ്രപ ഞ്ചമാകുന്ന ഈ തൊഴിൽശാല അജയ്യനും സർവജ്ഞനും യുക്തിജ്ഞനുമായ ഒരേയൊരു നിർമാതാവ് നിർമിച്ചിട്ടുള്ളതാണെന്നും അവൻെറ മാത്രം ആസൂത്ര ണത്താലാണിത് ചലിച്ചുകൊണ്ടിരിക്കുന്നതെന്നും സാക്ഷ്യം വഹിക്കാതിരിക്കുക സാധ്യമല്ല.

ഇതെല്ലാം യുക്തിമാനായ ഒരു നിർമാതാവിനെ കൂടാതെയാണെന്നോ അല്ലെങ്കിൽ ഈ പ്രവർത്തനങ്ങളിൽ ഒന്നിലേറെ സൃഷ്ടികർത്താക്കൾക്ക് കൈയുണ്ടെന്നോ സങ്കൽപിക്കാൻ ബുദ്ധിപരമായ ആന്ധ്യത്തിനു മാത്രമേ സാധ്യമാവൂ.

# 2

## ജലം

''എല്ലാ സചേതന വസ്തുക്കളെയും ജലത്തിൽനിന്ന് നാം സൃഷ്ടിച്ചു. അ വർ വിശ്വസിക്കുന്നില്ലേ?'' (വി.ഖു:21:30)

''നാം ആകാശത്തുനിന്ന് ജലം വർഷിച്ചു. എന്നിട്ട് അതുകൊണ്ട് കൗതുകമു ള്ള ചില തോട്ടങ്ങൾ സൃഷ്ടിച്ചു. അതിലെ വൃക്ഷങ്ങളെ മുളപ്പിക്കുവാൻ നി ങ്ങൾക്ക് സാധിക്കുകയില്ല. (പറയുക:) അല്ലാഹുവോടൊപ്പം മറ്റു ദൈവങ്ങളു ണ്ടോ? ഇല്ല. അവർ വ്യതിചലിച്ചുപോയൊരു ജനതയാണ്.'' (വി.ഖു:26:60)

മനുഷ്യസൃഷ്ടിയുടെ പ്രാരംഭവേളയിൽതന്നെ സ്രഷ്ടാവ് അവൻെറ ജ്ഞാനപ്രകാരം അന്ത്യദിനംവരെ ഭൂഗോളത്തിൻെറ ആവശ്യങ്ങൾക്ക് മതിയാകുന്നത്ര ജലം മണ്ണിൽ നിക്ഷേപിച്ചിരിക്കുന്നു. ആ ജലം ഭൂമിയുടെ താഴ്ന്ന ഭാഗങ്ങളിൽ ശേഖരി ക്കപ്പെട്ടു. അങ്ങനെ അവിടെ സമുദ്രവും തടാകവുമൊക്കെയായി സൃഷ്ടിക്കപ്പെട്ടു. ഭൂഗർഭത്തിലും ജലമുണ്ടായി. ചൂടും തണുപ്പും കാറ്റും മുഖേന മാറിമറിഞ്ഞു വരുന്നത് ഇതേ വെള്ളംതന്നെയാണ്. മലകളുടെ സഹായത്തോടെ മഴയായി നദികൾ, ഉറവിടങ്ങൾ, കിണറുകൾ എന്നിവയിലൂടെ ഭൂമിയുടെ വിവിധ ഭാഗ ങ്ങളിൽ വ്യാപിക്കുന്നതും എണ്ണമറ്റ വസ്തുക്കളുടെ വളർച്ചയിൽ പങ്കെടുക്കു ന്നതും ഘടനയിൽ ഉൾക്കൊള്ളുന്നതും അനന്തരം വീണ്ടും ആവിയായി അന്ത രീക്ഷത്തിൽ ലയിച്ച് അസൽ ഭണ്ഡാരത്തിലേക്ക് തിരിച്ചുപോകുന്നതും ഈ വെള്ളംതന്നെ. ആരംഭം മുതൽ ഇന്നുവരെ ഈ ശേഖരത്തിൽനിന്ന് ഒരു തുള്ളി പോലും കുറഞ്ഞുപോയിട്ടില്ല. ഒരു തുള്ളിപോലും കൂട്ടിച്ചേർക്കേണ്ട ആവ ശ്യവും ഇന്നുവരെ ഉണ്ടായിട്ടില്ല.

ഇതേക്കാൾ അദ്ഭുതകരമായ മറ്റൊരു സംഗതിയുണ്ട്.

അതായത്, ഹൈഡ്രജനും ഓക്സിജനും ചേർന്നാണ് ജലമുണ്ടാകുന്നതെന്ന് ഇന്ന് പ്രൈമറി സ്കൂളിലെ വിദ്യാർഥികൾക്കുപോലും അറിയാവുന്നതാണ്. സമു ദ്രങ്ങൾ നിറയെ ജലം കാണുന്നു. ഭൂമിയുടെ ഉപരിതലത്തിൽ ഏകദേശം മൂ ന്നിൽ രണ്ടുഭാഗം വെള്ളമാണ്. അതിൽ ഒരു കണം പോലും വർധിക്കുന്നില്ല.

ആദിയിൽ ഹൈഡ്രജനും ഓക്സിജനും ഒരു പ്രത്യേക അനുപാതത്തിൽ കൂട്ടിക്കലർത്തി ഇത്രയേറെ ജലം സൃഷ്ടിച്ചതാരാണ്? പ്രസ്തുത രണ്ടു ഘടകങ്ങളും ഇപ്പോഴും അന്തരീക്ഷത്തിൽ ധാരാളമുണ്ട്. എന്നിട്ടും ഈ രണ്ടു ഘടകങ്ങൾക്കും ആ പ്രത്യേക അനുപാതത്തിലുള്ള സംയോജനം നൽകാതിരിക്കുന്നത് ആരാണ്? നീരാവിയിലെ ഓക്സിജനും ഹൈഡ്രജനും വേർതിരിഞ്ഞ് അന്തരീക്ഷത്തിലെ ഓക്സിജനുമായും ഹൈഡ്രജനുമായും കൂടിച്ചേരുന്നതിനെ തടയുന്നവനാരാണ്? പ്രപഞ്ചസ്രഷ്ടാവിനെ നിഷേധിക്കുന്നവരുടെയും, വെള്ളത്തിനും വായുവിനും താപത്തിനും ശീതത്തിനും വ്യത്യസ്ത സൃഷ്ടികർത്താക്കളാണുള്ളതെന്ന് വിശ്വസിക്കുന്നവരുടെയും പക്കൽ ഇതിന് എന്തുത്തരമാണുള്ളത്?

# 3

## സമുദ്രം

''സമുദ്രത്തെ നിങ്ങൾക്ക് കീഴ്പ്പെടുത്തിത്തന്നതും അവനാണ്. നിങ്ങൾക്കതിൽനിന്ന് പുതുമാംസം ഭക്ഷിക്കുന്നതിനും നിങ്ങളണിയുന്ന ആഭരണങ്ങൾ ശേഖരിക്കുന്നതിനും. കപ്പൽ സമുദ്രത്തെ പിളർന്ന് സഞ്ചരിക്കുന്നത് നിങ്ങൾക്ക് കാണാം. നിങ്ങൾ ദൈവാനുഗ്രഹം തേടുന്നതിനും കൃതജ്ഞരായിരിക്കുവാനും വേണ്ടിയത്രേ ഇതൊക്കെയും.'' (വി.ഖു. 16:14)

മറ്റൊരദ്ഭുതമാണ് സമുദ്രം. ഭൂമിയിൽ ഇത്രവലിയ ജലശേഖരം സജ്ജീകരിക്കപ്പെടുക എന്നതും അതുമായി അനേകം യുക്തിബദ്ധമായ ഒരു സംവിധാനം ഒരു യാദൃശ്ചിക ചലനത്തിൻെറ ഫലമായി നിലവിൽ വരിക എന്നതും സംഭവ്യമേയല്ല.

സമുദ്രത്തിൽ എണ്ണമറ്റ ജീവജാലങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ഓരോ വർഗത്തിനും ആ അഗാധതയിലെ നിവാസത്തിന് തികച്ചും അനുയോജ്യമായ ശരീരഘടനയാണുള്ളത്.

അതിലെ ജലം ഉപ്പു കലർന്നതായിരിക്കുന്നു. ദിനേന അതിൽ ചത്തടിയുന്ന കോടാനുകോടി ജീവികളുടെ ജഡങ്ങൾ ചീഞ്ഞളിഞ്ഞ് അത് മലിനമാകാതിരിക്കാൻ ഇതു സഹായിക്കുന്നു.

ആ ജലം ഭൂദ്വാരങ്ങളിലൂടെ താഴോട്ടിറങ്ങി വറ്റിപ്പോവുകയോ കരയിലേക്കു കവിഞ്ഞ് കരയെ മുക്കിക്കളയുകയോ ചെയ്യാത്തവണ്ണം ഒരു പ്രത്യേക അതിർത്തിയിൽ കെട്ടിനിർത്തിയിരിക്കുകയാണ്. ലക്ഷോപലക്ഷം വർഷങ്ങളായി അത് ഈ അതിരുകൾക്കുള്ളിൽ കെട്ടിനിൽക്കുന്നു.

ഈ വമ്പിച്ച ജലശേഖരത്തിൻെറ സാന്നിധ്യവും നിലനിൽപും മൂലമാണ് സൗരതാപത്തിൻെറയും വായുചലനത്തിൻെറയും സഹായത്തോടെ ഭൂമിയുടെ വരണ്ട പ്രദേശങ്ങളിൽ മഴ വർഷിക്കാനുള്ള ഏർപ്പാടുകളുണ്ടാവുന്നത്. സമുദ്രം ജീവശൂന്യമാകാതെ നിരവധി ജീവജാലങ്ങളുടെ വാസസ്ഥലമായതിനാൽ മനുഷ്യന് അതിൽനിന്ന് ധാരാളം ആഹാരവും മറ്റു ആവശ്യവസ്തുക്കളും വിപുലമായതോതിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. അത് ഒരു നിശ്ചിത പരിധിയിൽ കെട്ടിനിർത്തപ്പെട്ടതിനാലാണ് മനുഷ്യവാസയോഗ്യമായ വൻകരകളും ദ്വീപു

കളും നിലനിൽകുന്നത്. സമുദ്രം ചില അചഞ്ചലനിയമങ്ങറംക്ക് വിധേയമായി നിലകൊള്ളുന്നതിനാൽ മനുഷ്യർക്ക് അതിലൂടെ കപ്പലോടിക്കാൻ കഴിയുന്നു.

സൃഷ്ടികറംക്ക് ഏറെ ഉപകാരപ്പെടുന്ന നിലക്കാണ് ജലം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. മൃദുലവും കട്ടിയില്ലാത്തതുമായ ദ്രവപദാർഥമാണ് ജലം. അത് സൂക്ഷ്മമായി ഘടിപ്പിക്കപ്പെട്ടതും അതിശീഘ്രം വിഭജിക്കാവുന്നതുമായ ഒറ്റ വസ്തുവാണെന്ന് തോന്നും. എളുപ്പം പിളരുകയും കൂടിച്ചേരുകയും ചെയ്യുന്ന ജല സ്വഭാവം കപ്പലുകറംക്ക് നിഷ്പ്രയാസം സഞ്ചരിക്കാൻ കഴിവുണ്ടാക്കുന്നു.

ഇവയിലെല്ലാം നിക്ഷിപ്തമായ അനുഗ്രഹങ്ങറം സ്രഷ്ടാവിൻെറ മഹത്ത്വത്തെയും അപാരമായ കഴിവിനെയും അദ്ഭുതകരമായ യുക്തിദീക്ഷയെയും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളും തെളിവുകളുമാണ്. അവ നമ്മോട് ചോദിക്കുന്നു: മനുഷ്യാ, എൻെറ രൂപവും ഘടനയും ഗുണങ്ങളും നീ കാണുന്നില്ലേ? എൻെറ അവസ്ഥാന്തരങ്ങളും വൻ പ്രയോജനങ്ങളും നീ അറിയുന്നില്ലേ? ഞാൻ സ്വയമുണ്ടായതാണെന്നോ അല്ലെങ്കിൽ എൻെറ വർഗത്തിലെ ഒരംഗമാണ് എന്നെ പടച്ചതെന്നോ ബുദ്ധിയുള്ള ആർക്കെങ്കിലും തോന്നുമോ? ഇല്ല- പ്രത്യുത, സർവചരാചരങ്ങളെയും അടക്കിഭരിക്കുന്നവനും പ്രതാപശാലിയും യുക്തിമാനുമായ സർവശക്തൻെറ സൃഷ്ടിയാണ് ഇവയൊക്കെയെന്നേ തോന്നൂ.

ഒരു അപാര ശക്തിയുടെ അളവറ്റ കഴിവും യുക്തിമാൻെറ കുറ്റമറ്റ ആസൂത്രണവുമില്ലാതെ ഇങ്ങനെയൊരു സംവിധാനം സങ്കൽപ്പിക്കാമോ?

മനുഷ്യരുടെയും ഭൂമിയിലെ ഇതര ജീവികളുടെയും താൽപര്യങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ട ഈ സാഗരസംവിധാനം കേവലം അലക്ഷ്യമായി നിലവിൽ വന്നതാണെന്നു സങ്കൽപ്പിക്കാമോ?

# 4

## വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും

''ആകാശഭൂമികളുടെ നിർമ്മാണവും നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വൈവിധ്യങ്ങളും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാകുന്നു. തീർച്ചയായും, ജ്ഞാനമുള്ളവർക്ക് ഇതിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്.''

(വി.ഖു. 30:22)

ഈ പ്രപഞ്ചത്തിൽ ഏകവർണവും ഏകരൂപവും എവിടെയുമില്ല. എവിടെയും വൈവിധ്യത്തോടു വൈവിധ്യം തന്നെ.

മനുഷ്യരുടെ സംസാരശക്തി ഓരോ വിധത്തിലുള്ളതാണ്. അധരങ്ങളുടെയോ നാവുകളുടെയോ ഘടനയിൽ യാതൊരു അന്തരവുമില്ല. മസ്തിഷ്കഘടനയും ഒന്നുതന്നെ. പക്ഷേ, ഭൂമിയുടെ വിവിധ മേഖലകളിൽ ഭാഷകറം വ്യത്യസ്തമാണ്. ഒരേ ഭാഷ സംസാരിക്കുന്ന പ്രദേശങ്ങളിൽതന്നെ പട്ടണങ്ങറം തോറും ഗ്രാമങ്ങറം തോറും സംസാരരീതി വ്യത്യസ്തമാകുന്നു. കൂടാതെ ഓരോ വ്യക്തിയുടെയും സ്വരവും ഉച്ചാരണവും സംഭാഷണ ശൈലിയും മറ്റുള്ളവരിൽനിന്നു വ്യത്യസ്തമാകുന്നു. മനുഷ്യൻെറ സൃഷ്ടിധാതുക്കളും നിർമ്മാണ സൂത്രവും ഏകമാണെ

ങ്കിലും, വർണം അത്യന്തം വ്യത്യസ്തമാകുന്നു. ഒരേ മാതാപിതാക്കളുടെ രണ്ടു മക്കളുടെ വർണങ്ങൾപോലും തികച്ചും ഒരുപോലെയാകുന്നില്ല.

ഈ ലോകത്തിൻെറ എല്ലാ വശങ്ങളിലും എണ്ണിയാലൊടുങ്ങാത്ത വൈവിധ്യങ്ങൾ നമുക്കുകാണാം.

മനുഷ്യൻ, ജന്തുക്കൾ, സസ്യങ്ങൾ എന്നുവേണ്ട എല്ലാ പദാർത്ഥത്തിൻെറയും ഏതു വർഗ്ഗത്തെയെടുത്താലും അവയിൽ അംഗങ്ങളിൽ മൗലികമായ ഏകത്വമുള്ളതോടൊപ്പം എണ്ണമറ്റ വ്യത്യാസങ്ങളുമുണ്ട്. ഒരു വൃക്ഷത്തിൻെറ രണ്ടിലകൾ പോലും പൂർണമായും സദൃശ്യമായിരിക്കുകയില്ല.

ഈ പ്രതിഭാസം വിളിച്ചോതുന്നത് ഇതാണ്: ഈ ലോകം വൻതോതിൽ ഉൽപാദനം നടത്തുന്ന രീതിയിൽ ഓരോ പദാർത്ഥവർഗ്ഗത്തെയും ഓരോ അച്ചുകളിൽ ഉൽപാദിപ്പിച്ചു തള്ളിക്കൊണ്ടിരിക്കുന്ന, സ്വയം പ്രവർത്തിക്കുന്ന യന്ത്രമല്ല. പ്രത്യുത, ഇവിടെ അതിസമർത്ഥനായ ഒരു പ്രവർത്തകൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. അവൻ ഓരോ വസ്തുവിനെയും തികഞ്ഞ വ്യതിരിക്തതയോടെ പുതിയ ഡിസൈനിൽ, പുതിയ ഔചിത്യത്തോടെ, ഗുണ വിശേഷങ്ങളോടെ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അവൻ നിർമ്മിച്ച ഓരോ വസ്തുവും സ്വന്തം നിലയിൽ ഒറ്റപ്പെട്ടതാണ്. അവൻെറ ആവിഷ്കാര നൈപുണ്യം അനുനിമിഷം ഓരോ വസ്തുവിനെയും ഒരു പുതിയ മാതൃകയിൽ അവതരിപ്പിക്കുന്നു.

അവൻ സദാ സൃഷ്ടിപ്രക്രിയയിൽ നിരതനാണെന്നും തൻെറ സൃഷ്ടിയിലെ ഓരോരോ വസ്തുവിനും വ്യതിരിക്തമായ മുഖം നൽകിക്കൊണ്ടിരിക്കുകയാണെന്നും ഉള്ള വസ്തുതയുടെ തുറന്ന തെളിവാണ് ഈ പ്രതിഭാസം.

ഇനി മനുഷ്യൻെറ പ്രകൃതിയിലും മാനസിക നിലയിലും ഉള്ള വൈവിധ്യങ്ങളെക്കുറിച്ച് സവിശേഷം ചിന്തിച്ചുനോക്കുക. ഇതൊന്നും കേവലം യാദൃശ്ചികമായുണ്ടായതല്ലെന്നും അഭിജ്ഞനായ സൃഷ്ടിപ്രവർത്തനത്തിൻെറ ഫലമാണെന്നും ബോധ്യപ്പെടുന്നതാണ്.

ഈ ലോകത്ത് ഉത്തരവാദിത്വവും സ്വാതന്ത്ര്യവും വഹിക്കുന്ന ഒരു സൃഷ്ടിക്കു ഉണ്മ നൽകാൻ സ്രഷ്ടാവ് തീരുമാനിച്ചപ്പോൾ ആ തീരുമാനത്തിൻെറ അനിവാര്യ താൽപര്യം തന്നെയായിരുന്നു ആ സൃഷ്ടിഘടനയിൽ സകലവിധ വൈവിധ്യങ്ങൾക്കുള്ള സാധ്യത നിക്ഷേപിക്കുക എന്നത്.

മനുഷ്യരെല്ലാം ഘടനയിലും പ്രകൃതിയിലും വികാരവിചാരങ്ങളിലും ആഗ്രഹാഭിലാഷങ്ങളിലും തികച്ചും ഏകരൂപമാവുകയാണെങ്കിൽ അവർ തമ്മിൽ യാതൊരുവിധ വൈവിധ്യവുമില്ലെങ്കിൽ ഈ ലോകത്ത് പുതിയ മനുഷ്യരെ സൃഷ്ടിക്കുന്നതിൻെറ ആവശ്യം തന്നെ ഇല്ലായിരുന്നു.

മനുഷ്യൻ ഒരു യാദൃശ്ചിക സ്ഫോടനത്തിൻെറ ഫലമല്ല, മറിച്ച് യുക്തിയുക്തമായ ഒരാസൂത്രണ പദ്ധതിയുടെ ഫലമാണ് എന്നതിനുള്ള ഏറ്റവും വലിയ സാക്ഷ്യമത്രെ അത്.

യുക്തിയുക്തമായ പദ്ധതി എവിടെ ദൃശ്യമാകുന്നുവോ അവിടെ അതിൻെറ പിന്നിൽ യുക്തിസമ്പൂർണമായ ഒരസ്തിത്വത്തിൻെറ ബോധപൂർവമായ പ്രവർത്തനവും ഉണ്ടായിരിക്കുക അനിവാര്യമാണല്ലോ.

അതിപ്രബലനായ ഒരഭിജ്ഞൻ അളവറ്റ യുക്തിയോടുകൂടി സൃഷ്ടിച്ചിട്ടുള്ളതാണ്‌ ഈ പ്രപഞ്ചമെന്നും, അതിൻെറ സ്രഷ്ടാവ്‌ നിസ്തുലനായ സൃഷ്ടിനിപുണനും നിർമാണകുശലനുമാണെന്നും കുറിക്കുന്ന ദൃഷ്ടാന്തങ്ങളാണ്‌ ഈ വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും.

# 5

## രാപ്പലുകൾ

''(നബിയേ,)ചോദിക്കുക: നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? പുനരുത്ഥാന നാൾവരേക്കും നിങ്ങളിൽ പ്രപഞ്ചസ്രഷ്ടാവ്‌ രാവിനെ സ്ഥിരമായി നിലനിർത്തുകയാണെങ്കിൽ അവന്‌ പുറമെ മറ്റേതൊരു ദൈവമാണ്‌ നിങ്ങൾക്ക്‌ വെളിച്ചം കൊണ്ടുവന്നുതരിക? നിങ്ങൾ കേൾക്കുന്നില്ലേ? ഇവരോടു ചോദിക്കുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പുനരുത്ഥാനനാൾവരേക്കും ദൈവം നിങ്ങളിൽ പകൽ നിലനിർത്തുകയാണെങ്കിൽ അവന്‌ പുറമെ മറ്റേതൊരു ദൈവമാണ്‌ നിങ്ങൾക്ക്‌ വിശ്രമിക്കാനുള്ള രാവ്‌ കൊണ്ടുവരിക? നിങ്ങൾക്ക്‌ ഉൾകാഴ്‌ച്ച ലഭിക്കുന്നില്ലയോ? (വി.ഖു:28:71,72)

''രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ (തൻെറ നിയമത്തിന്‌) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധിവരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട്‌ നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല. (വി.ഖു. 35:13)

ഈ ഭൂഗോളം ശൂന്യാന്തരീക്ഷത്തിൽ തൂങ്ങിക്കിടക്കുകയാണ്‌. യാതൊന്നും അതിനെ താങ്ങിനിറുത്തുന്നില്ല. ഈ ഗോളം വ്യവസ്ഥാപിതമായി സൂര്യനെ അഭിമുഖീകരിക്കുകയും പിന്നിടുകയും ചെയ്യുന്നു. അതുവഴി രാപ്പകലുകൾ അനുഭവപ്പെടുന്നു. ഇത്‌ ഏകദിശയിൽ സ്ഥിരമായി നിൽക്കുകയായിരുന്നുവെങ്കിൽ ഭൂമിയുടെ ഒരു വശം സദാ പകലും മറുവശം സദാ രാത്രിയും ആകുമായിരുന്നു. അപ്പോൾ അത്‌ അധിവാസയോഗ്യമല്ലാതാകും. സൃഷ്‌ടികൾക്ക്‌ പ്രയോജനകരമായ വിധത്തിലാണ്‌ രാപ്പകലുകളുടെ ദൈർഘ്യം നിർണയിച്ചിട്ടുള്ളത്‌
രാപ്പലുകൾ തമ്മിൽ പലരീതിയിൽ കാണപ്പെടുന്ന വ്യത്യാസങ്ങളുമായി ബന്ധപ്പെട്ട മഹത്തായ യുക്തികൾ, സൂര്യൻെറയും ഭൂമിയുടെയും ഭൂമിയിലെ വസ്തുക്കളുടെയും സ്രഷ്ടാവ്‌, ഒരേയൊരു ശക്തിയാണെന്നതിൻെറയും ഈ രണ്ടു ഗ്രഹങ്ങളെയും ഒരേയൊരധികാരശക്തി കൈയടക്കിവെച്ചിരിക്കുന്നുവെന്നതിൻെറയും സ്പഷ്ടമായ ലക്ഷണമാകുന്നു. ആ അധികാരശക്തി അന്ധവും ബധിരവും യുക്തിശൂന്യവുമായ ഒന്നല്ല, പ്രത്യുത തൻെറ ഭൂമിയെ കൃത്യമായി കണക്കുകൂട്ടി മനുഷ്യൻെറയും ജന്തുക്കളുടെയും സസ്യങ്ങളുടെയും രൂപത്തിൽ താൻ അതിൽ സൃഷ്ടിച്ചു വിട്ടിട്ടുള്ള എണ്ണമറ്റ വസ്തുക്കൾക്ക്‌ ഏറ്റം അനുയോജ്യമായ സ്ഥലമാക്കി നിർമിക്കുകയും ചെയ്തിരിക്കുന്നു.

ഈ മഹാപ്രപഞ്ചത്തിൽ അവ്യവസ്ഥിതമോ അലക്ഷ്യമോ അയുക്തികമോ നന്മ യില്ലാത്തതോ ആയ ഒന്നുമില്ല. പ്രപഞ്ചസ്രഷ്ടാവിൻെറ പ്രവർത്തനങ്ങളെല്ലാം യുക്തിബദ്ധമായ ഒരു പദ്ധതിയുടെ സാക്ഷാൽക്കാരമാകുന്നു. രാത്രിനേരത്ത് പെട്ടെന്ന് സൂര്യൻ ഉദിച്ചുയർന്നു മധ്യാഹ്നത്തിൽ വന്നു നിൽക്കുക എന്നത് ലോകത്ത് ഒരിക്കലും സംഭവിക്കുന്നില്ല. ചന്ദ്രൻ ഒരു ദിവസം മാസപ്പിറവിയാ യും അടുത്ത ദിവസം പൗർണമിയായും പ്രത്യക്ഷപ്പെടുക എന്നതും സംഭവി ക്കുന്നില്ല. ഒരു രാത്രിയും അവസാനിക്കാതെ സ്ഥിരം രാത്രിയായി നിലനില് ക്കുന്നില്ല. മനുഷ്യന് തിയ്യതിയും മാസവും നിർണയിക്കാനാവാത്ത വിധം ദിനരാത്രമാറ്റങ്ങൾ യാതൊരു വ്യവസ്ഥയുമില്ലാത്ത ചങ്ങലയായിത്തീരുന്നുമില്ല. അങ്ങനെയായിരുന്നുവെങ്കിൽ ദിവസം ഏതു തിയ്യതിയിലാണെന്നോ എപ്പോൾ ഏതു ജോലി തുടങ്ങണമെന്നോ എന്ന് അവസാനിനിപ്പിക്കണമെന്നോ ഉഷ്ണകാലം ഏതു തിയ്യതിയിലാണെന്നോ അറിയാനോ നിർണയിക്കാനോ മനുഷ്യനു സാധ്യ മാകുമായിരുന്നില്ല.

പ്രപഞ്ചത്തിലെ കണക്കറ്റ മറ്റെല്ലാ പ്രതിഭാസങ്ങളും മാറ്റിനിർത്തി രാപ്പകലുക ളുടെ ഈ വ്യവസ്ഥാപിത തത്ത്വം മാത്രം ഒന്നു കണ്ണുതുറന്നു കാണാനും അല് പം കാര്യമായി ആലോചിക്കാനും തയ്യാറായാൽമതി, മഹത്തായ ഈ വ്യവസ്ഥ യും ചിട്ടയും ഒരു സർവശക്തൻ നിലനിർത്തിയിട്ടുള്ളതാണെന്നും, അതിൻെറ നിലനില്പ് അവൻ ഈ ഭൂമിയിൽ സൃഷ്ടിച്ചുവിട്ടിട്ടുള്ള സൃഷ്ടികളുടെ എണ്ണമറ്റ താൽപര്യങ്ങളുമായി ബന്ധപ്പെട്ടതാണെന്നും അത് അസന്ദിഗ്ധമായി പ്രഖ്യാപി ക്കുന്നത് കാണാം.

ഭൂമിയെ അതിലുള്ള ജീവികൾക്ക് അധിവാസയോഗ്യമാക്കിയ ഘടകങ്ങളും അവ തമ്മിലുള്ള പരസ്പര ബന്ധങ്ങളുമെല്ലാം, അഭിജ്ഞനായ ഒരു സ്രഷ്ടാ വിൻെറ ആസൂത്രണമൊന്നുമില്ലാതെ ഒരു യാദൃശ്ചിക സ്ഫോടനത്താൽ സ്വയം സ്ഥാപിതമായതാണെന്ന് ഒരു നിമിഷത്തേക്കെങ്കിലും വിശ്വസിക്കാൻ ഈ സംഗ തികളെല്ലാം വീക്ഷിക്കുന്ന ബുദ്ധിയുള്ള ആർക്കും സാധ്യമാവുകയില്ല.

# 6

## സൃഷ്ടിപ്പിലെ സന്തുലിതം

സംഭ്രകജനകമായ വൈപുല്യത്തോടൊപ്പം ഈ ഗംഭീരമായ പ്രാപഞ്ചിക സംവി ധാനം അത്യധികം ശൃംഖലിതവും വ്യവസ്ഥാപിതവും സുഭദ്രവുമായ ഒരു സാ മ്രാജ്യമാണ്. അതിലെവിടെയും എത്ര പരതിനോക്കിയാലും ഒരു കുറ്റമോ കുറ വോ വൈകല്യമോ കാണപ്പെടുന്നില്ല.

ഈ മഹാപ്രപഞ്ചത്തിൽ കണക്കില്ലാത്ത വസ്തുക്കൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ ക്ഷേ, അസന്തുലിതമായോ താളരഹിതമായോ യാതൊന്നുമില്ല. ഒരോ വസ്തുവി ന്നും അതിൻേറതായ ഒരു സൗന്ദര്യമുണ്ട്. ഒരു വസ്തു ഏതൊരാവശ്യത്തിന്നു വേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവോ, ആ ആവശ്യത്തിന് ഏറ്റം അനുയോജ്യമാ യ രൂപത്തോടെയും യോഗ്യതകളോടെയുമാണ് അത് നിർമിക്കപ്പെട്ടിട്ടുള്ളത്.

പ്രപഞ്ചത്തിലെവിടെയും അവ്യവസ്ഥിതമോ ക്രമരാഹിത്യമോ പരസ്പരമിണങ്ങായ്കയോ കാണപ്പെടുന്നില്ല. ചേർച്ചയില്ലാത്തതോ അനുചിതമോ ആയ യാതൊരു വസ്തുവുമില്ല. അതിൻെറ എല്ലാ ഘടകങ്ങളും പരസ്പരം ഇണങ്ങുന്നതും സമ്പൂർണവും സമഞ്ജസവുമായി കാണപ്പെടുന്നു.
പ്രപഞ്ചഘടന തികച്ചും സുഭദ്രമാണ് ഭൂമിയിലെ മൺതരി മുതൽ അതിഗംഭീരമായ ക്ഷീരപഥങ്ങൾ വരെയുള്ള സകല വസ്തുക്കളും സുഘടിതമാണ്. പ്രപഞ്ചവ്യവസ്ഥയുടെ നൈരന്തര്യം എവിടെയും പൊട്ടിപ്പോകുന്നില്ല. ഒരിടത്തും ഒരു വിടവും കാണപ്പെടുന്നില്ല.

മനുഷ്യൻ സ്വന്തം സൃഷ്ടിതന്നെ നോക്കട്ടെ. മനുഷ്യശരീരത്തിൻെറ സന്തുലിതമായ അവയവപ്പൊരുത്തം, വടിവൊത്ത ആകാരം, ഭൂമിയിൽ പ്രവർത്തിക്കാനുതകുന്ന ഉചിതമായ ശരീരഘടന, കൈകാലുകൾ, കണ്ണ്, മൂക്ക്, മസ്തിഷ്കം തുടങ്ങി അവൻെറ സവിശേഷ ഗുണങ്ങൾക്കനുയോജ്യമായ ജ്ഞാനോപാധികളായിത്തീരുന്ന ദർശന-ശ്രവണാദിപഞ്ചേന്ദ്രിയങ്ങൾ സ്രഷ്ടാവ് പ്രദാനംചെയ്തു. ബുദ്ധി, ബോധം, വിചാരം, ഭാവന തുടങ്ങിയ കഴിവുകളും, കാര്യങ്ങളിൽനിന്ന് കാരണവും ലക്ഷണങ്ങളിൽനിന്ന് ഫലവും കണ്ടെത്താനുള്ള കഴിവുകളും, ഓർമശക്തി, ഇച്ഛാശക്തി, വിവേചനശക്തി എന്നിങ്ങനെ മററനേകം മാനസിക ശക്തിയും നല്കി മനുഷ്യസൃഷ്ടിയെ സന്തുലിതമാക്കി.
പ്രപഞ്ചസ്രഷ്ടാവ് ഓരോ വസ്തുവിനെയും ഏററം നല്ല രൂപത്തിൽ സൃഷ്ടിച്ചു. ഒരു വസ്തുവിനും ദൈവദത്തമായ അതിൻെറ രൂപത്തെക്കാൾ മികച്ച ഒരു രൂപം സങ്കല്പിക്കാനേ കഴിയില്ല.
കാണാനുള്ള കണ്ണിൻെറയും, കേൾക്കാനുള്ള ചെവിയുടെയും ഘടനയേക്കാൾ സമുചിതമായ ഒരു ഘടന വിഭാവന ചെയ്യാൻപോലും സാധ്യമല്ല.
മനുഷ്യൻെറയും മററു ജീവികളുടെയും വംശപരമ്പരയിൽ കാണുന്ന സന്തുലിത ഘടന കേവല യാദൃശ്ചികതയുടെ ഫലമെന്ന് നിശ്ചയിക്കുന്നവർ ചില ചോദ്യങ്ങൾക്ക് മറുപടി പറയട്ടെ: സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നുവരെ ലോകത്തിൻെറ ഓരോ കോണിലുമുള്ള ഓരോ ജനതയിലും ഒരേ സൃഷ്ടിപ്രക്രിയയുടെ ഫലമായി ആൺകുട്ടികളും പെൺകുട്ടികളും ജനിക്കുന്നതെന്തുകൊണ്ടാണ്? അവർക്കിടയിൽ ഈ സന്തുലിതത്വം തുടർച്ചയായി നിലനിന്നുവരുന്നതെങ്ങനെ? ഒരു കാലത്തും ഒരു സമൂഹത്തിലും ആൺകുട്ടികൾ മാത്രമോ പെൺകുട്ടികൾ മാത്രമോ ജനിക്കുന്നില്ലല്ലോ.
മനുഷ്യൻെറ ആസൂത്രണത്തിന് യാതൊരു പ്രവേശനവുമില്ലാത്ത കാര്യമാണിത്. പരസ്പരം തികഞ്ഞ ജോഡികളാകുന്നതിന് പെൺകുട്ടികളെ നിരന്തരം സ്ത്രൈണഗുണങ്ങളോടു കൂടിയും ആൺകുട്ടികളെ നിരന്തരം പൗരുഷഗുണങ്ങളോടുകൂടിയും സൃഷ്ടിക്കുക എന്ന കാര്യത്തിൽ മനുഷ്യന് അണുഅളവും സ്വാധീനമില്ല. സ്ത്രീകളുടെയും പുരുഷന്മാരുടെയും ജനനം ഈവിധം സന്തുലിതമായ രൂപത്തിലാകുന്നതിലും അവന്ന് യാതൊരു സ്വാധീനവുമില്ല. സഹസ്രാബ്ദങ്ങളായി കോടാനുകോടി മനുഷ്യരുടെ ജന്മത്തിൽ ഈ ആസൂത്രണവും വ്യവസ്ഥയും ഇത്രയും സന്തുലിതമായി പുലർന്നുകൊണ്ടിരിക്കുക എന്നത് കേവലം യാദൃശ്ചികമാവുക സാധ്യമല്ല. നിരവധി സൃഷ്ടികർത്താക്കളുടെ കൂട്ടായ

ആസൂത്രണത്തിൻെറ ഫലമാവുക എന്നതും സാധ്യമല്ല. ഇത്ു വ്യക്തമായും ഒരു യുക്തിമാനായ സ്രഷ്ടാവ്ു, ഒരു സ്രഷ്ടാവ്ു മാത്രം തൻെറ അജയ്യമായ യുക്തി യാലും കഴിവിനാലും ആദിയിൽ ഒരു പുരുഷൻെറയും സ്ത്രീയുടെയും ഡിസൈൻ സൃഷ്ടിക്കുകയും പിന്നെ ആ ഡിസൈൻ അനുസരിച്ച്ു വ്യക്തിപരമായ പ്രത്യേക ഗുണങ്ങളുള്ള എണ്ണമറ്റ പുരുഷന്മാരെയും സ്ത്രീകളെയും ലോകം നിറയെ സന്തുലിതമായി വ്യാപിപ്പിക്കുകയും ചെയ്തതാണെന്ന വസ്തുതയെ കുറിക്കുന്നു.

വായുവിൻെറയും വെള്ളത്തിൻെറയും ധർമം നിറവേറ്റുന്നതിന്ു വായുവും വെള്ളവും എങ്ങനെ ഏതെല്ലാം ഗുണങ്ങളോടുകൂടിയതായിരിക്കണമോ അങ്ങനെ ത്തന്നെയാണ്ു സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്ു. യാതൊരു വസ്തുവിൻെറയും ആകാരത്തിൽ അശ്രദ്ധയുടെയോ, അയുക്തിയുടെയോ ലക്ഷണം കാണാൻ കഴിയുന്നില്ല. അതിൽ വല്ല പരിഷ്കാരവും നിർദ്ദേശിക്കാനുമാവില്ല.

അന്തരീക്ഷത്തിൽ കറങ്ങിത്തിരിഞ്ഞുകൊണ്ടിരിക്കുന്ന കണക്കറ്റ ഗോളങ്ങളും ഗ്രഹങ്ങളും ഈ ലോകത്ത്ു കാണപ്പെടുന്ന എണ്ണിയാലൊടുങ്ങാത്ത ജീവികളും പദാർഥങ്ങളും തമ്മിൽ സമ്പൂർണ നിലവാരത്തിലുള്ള നീതിയും സന്തുലിതവും നിലനിർത്തപ്പെടുന്നില്ലെങ്കിൽ, അതിവിപുലമായ ഈ പ്രവർത്തനശാലക്ക്ു ഒരു നിമിഷം പോലും പ്രവർത്തിക്കുക സാധ്യമാകുമായിരുന്നില്ല. കോടാനു കോടി വർഷങ്ങളായി ഈ ഭൂമിയിൽതന്നെ വായുവിലും വെള്ളത്തിലും കരയിലും കാണപ്പെടുന്ന സൃഷ്ടികളെ ഒന്നു നോക്കുക. അവയുടെ ജീവിതോപാധികളിലുള്ള തികഞ്ഞ നീതിയും സന്തുലിതത്വവും കാരണമായി മാത്രമാണ്ു അവയുടെ ജീവിതം സ്ഥിരമായി നില്ുക്കുന്നത്ു. ഈ ഉപാധികളിൽ അല്ുപമെങ്കിലും അനീതിയുളവാകുന്നുവെങ്കിൽ ഇവിടെ ജീവൻെറ പേരും കുറിയും പോലും അവശേഷിക്കുകയില്ല.

ഈ വിധം ലോകത്തിലെ സകല വസ്തുക്കളും സന്തുലിതമായും പരസ്ുപരം അനുയോജ്യമായും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതുതന്നെ അവയുടെയെല്ലാം സ്രഷ്ടാവ്ു അഭിജ്ഞനായ ഒരു നിർമാതാവാണ്ു എന്നതിൻെറ സ്ുപഷ്ുടമായ ലക്ഷണമത്രേ. പ്രപഞ്ചത്തിലെ എണ്ണമറ്റ ഘടകങ്ങളുടെ സൃഷ്ടിയിലുള്ള ഈ തമ്മിലിണക്കം, ഒരു യാദൃശ്ചിക സംഭവത്തിനോ നിരവധി സ്രഷ്ടാക്കളുടെ പ്രവർത്തനത്തിനോ മൊത്തം ഘടകങ്ങളുടെ സാകല്യത്തിൽ ദൃശ്യമാകുന്ന ഈ ഭംഗിയും സൗന്ദര്യവുമുളവാക്കാൻ കഴിയുകയില്ല.

സൃഷ്ടിപ്പിലെ ഈ സന്തുലിത ഘടനക്കു പിന്നിൽ ഒരു സംഘാടകനും ഈ യുക്തിക്കു പിന്നിൽ ഒരു യുക്തിമാനും ഈ നിർമാണത്തിനു പിന്നിൽ ഒരു നിർമാതാവും ഈ ഐക്യത്തിനു പിന്നിൽ ഒരാസൂത്രകനും ഇല്ലെന്ന്ു വിചാരിക്കുവാൻ വല്ല ന്യായവുമുണ്ടോ?

# 7

## ജീവൻ

ജീവൻ ഇന്നും ഒരു അദ്ഭുതദൃഷ്ടാന്തമാണ്. ഭൗതിക ശാസ്ത്രത്തിന് അതു വ്യാഖ്യാനിക്കാൻ കഴിഞ്ഞിട്ടില്ല. ജീവൻ എവിടെനിന്ന് എങ്ങനെ വന്നെത്തുന്നു എന്ന് കണ്ടെത്താൻ ഇന്നും മനുഷ്യന്റെ ജ്ഞാനത്തിന് സാധിച്ചിട്ടില്ല.

ഒരു സ്രഷ്ടാവിന്റെ ഉദ്ദേശ്യത്തിന്റെയും കല്പനയുടെയും പരിപാടിയുടെയും ഫലമാണ് അതെന്നു മാത്രമെ പറയാനാകൂ.

നിർജ്ജീവപദാർത്ഥങ്ങളുടെ സംഘാതംകൊണ്ടുമാത്രം ജീവൻ ഉത്ഭവിക്കുക സാധ്യമല്ല എന്നാണ് ഇന്നുവരെയുള്ള അംഗീകൃതശാസ്ത്രം.

ജീവൻ ഒരൊറ്റ രൂപത്തിലും ഘടനയിലും മാത്രമല്ല ഉള്ളത്. അത് കണക്കറ്റ വിജാതീയ രൂപങ്ങളിൽ കാണപ്പെടുന്നു.

ഒരു സ്രഷ്ടാവിന്റെ നിർമ്മാണകൗശലം എന്നംഗീകരിക്കുകയല്ലാതെ ജീവന്റെ ഈ അതിവിപുലമായ വർഗീകരണത്തെ വ്യാഖ്യാനിക്കുക സാധ്യമല്ല.

ജീവന് ഈ ലക്ഷക്കണക്കിലുള്ള വിജാതീയ രൂപങ്ങൾ പ്രദാനം ചെയ്തവൻ, ഭൂതക്കണ്ണാടിയിലൂടെ മാത്രം കാണാൻ സാധിക്കുന്ന സൂക്ഷ്മജീവികൾക്കും, പ്രാണികൾ, പക്ഷികൾ, കടൽജീവികൾ, മൃഗങ്ങൾ, ചെടികൾ, വൃക്ഷങ്ങൾ, മനുഷ്യർ തുടങ്ങിയ എല്ലാത്തിലും ജീവൻ നിക്ഷേപിച്ചവനും ഈ അണ്ഡകടാഹത്തെയാസകലം നിർമിച്ചു പരിപാലിക്കുന്നവനും യുക്തിമാനും അജയ്യനുമായ ഒരു സ്രഷ്ടാവുതന്നെയാണെന്ന് അംഗീകരിക്കുകയല്ലാതെ മറ്റേതെങ്കിലും വിധത്തിൽ വ്യാഖ്യാനിക്കാൻ കഴിയുമോ?

ജീവോൽപത്തിക്കാവശ്യമായ ഘടകങ്ങളെല്ലാം കൃത്യമായ അനുപാതത്തിൽ കണിശമായ ചേർച്ചയോടെ തികച്ചും യാദൃശ്ചികമായി ഒത്തുകൂടി ജീവൻ നിലവിൽ വന്നു എന്ന ചില വാദങ്ങളും ഒരു അശാസ്ത്രീയ സങ്കൽപം മാത്രമാണ്. യാദൃശ്ചിക സംഭവ്യതയുടെ നിയമമനുസരിച്ചു ഗണിച്ചുനോക്കിയാൽ അങ്ങനെ സംഭവിക്കാനുള്ള സാധ്യത കേവലം പൂജ്യമാണ്.

നിർജ്ജീവ പദാർത്ഥങ്ങളിൽനിന്ന് ജീവികളെ ഉത്പാദിപ്പിക്കാൻ ശാസ്ത്രഗവേഷണാലയങ്ങളിൽ ഇന്നുവരെ നടന്നിട്ടുള്ള പ്രവർത്തനങ്ങളെല്ലാം സാധ്യമായ സൂത്രങ്ങളൊക്കെ പ്രയോഗിച്ചിട്ടും പരാജയപ്പെട്ടിട്ടേയുള്ളു. ആകെക്കൂടെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള വസ്തു സാങ്കേതികമായി D.N.A എന്നു വിളിക്കപ്പെടുന്ന ഒരു ഘടകം മാത്രമാണ്. ജീവകോശങ്ങളിൽ കണ്ടുവരുന്ന ഒരു പദാർത്ഥമാണിത്. ഇതു തീർച്ചയായും ജീവന്റെ അടിസ്ഥാന ഘടകം തന്നെ. പക്ഷേ, ഇതിനും സ്വയം ജീവനില്ല.

# 8

## സൃഷ്ടി

ഇന്നേവരെ ഭൂമുഖത്ത് പത്ത് ലക്ഷത്തോളം ജീവിവർഗ്ഗങ്ങളും രണ്ട് ലക്ഷത്തോളം സസ്യവർഗ്ഗങ്ങളും കണ്ടെത്തപ്പെട്ടിട്ടുണ്ട്.

ഈ ലക്ഷോപലക്ഷം വർഗ്ഗങ്ങൾ ഓരോന്നും അവയുടെ ആകാരത്തിലും വർഗ്ഗസവിശേഷതകളിലും തികച്ചും സ്പഷ്ടമായ വ്യതിരിക്തത പുലർത്തുന്നു. അതിപുരാതനകാലം മുതലേ അവ തങ്ങളുടെ വർഗ്ഗരൂപം ഇതേവിധം തുടർന്നുവരികയാണ്.

രണ്ടുവർഗ്ഗങ്ങളിൽ ഒരുവർഗ്ഗം സ്വന്തം ഘടനയും സവിശേഷതകളും ഉപേക്ഷിച്ച് മറ്റേ വർഗ്ഗത്തിൻെറ ഘടനാവിശേഷണങ്ങളിലേക്ക് പ്രയാണം ചെയ്യുന്നതിനിടയ്ക്കുള്ള ഒരു കണ്ണിയും കാണാൻ കഴിയുന്നില്ല.

ഫോസ്സിൽരേഖകളും അതിനുള്ള തെളിവുകളിൽനിന്ന് മുക്തമാണ്.

നിലവിലുള്ള ജന്തുവർഗ്ഗങ്ങളിൽ ഇത്തരം നപുംസകങ്ങൾ തീരേയുമില്ല. ഇന്നുവരെ കാണപ്പെട്ടിട്ടുള്ള ഏതു ജന്തുവർഗ്ഗവും അതിൻെറ സമ്പൂർണ്ണമായ വർഗ്ഗഘടനയോടുകൂടിതന്നെയാണ് കാണപ്പെടുന്നത്.

ഏതെല്ലാം ജന്തുക്കളെക്കുറിച്ച് അവ പരിണാമപ്രയാണത്തിലെ നഷ്ടപ്പെട്ട കണ്ണിയാണെന്ന് അപ്പപ്പോൾ വാദിക്കപ്പെട്ടുവോ, ആ വാദങ്ങളെയെല്ലാം അല്പകാലത്തിനുശേഷം യാഥാർത്ഥ്യങ്ങൾ ഊതിപ്പറത്തിക്കളഞ്ഞിരിക്കുന്നു.

## 9.

### സൃഷ്ടിയുടെ ആവർത്തനം

ഓരോ ജീവിയുടെയും സസ്യത്തിൻെറയും ആകാരത്തിലും ഘടനയിലും അദ്ഭുതാവഹമായ യന്ത്രവ്യവസ്ഥയാണ് സ്രഷ്ടാവ് നിക്ഷേപിച്ചിട്ടുള്ളത്. ഓരോ വർഗ്ഗത്തിലെയും എണ്ണമറ്റ അംഗങ്ങൾ അതേരൂപവും ഘടനയും കണിശമായി പിന്തുടരുന്നു.

കീടങ്ങളുടെപോലും കോടിക്കണക്കിലുള്ള ആ നിർമാണശാലകളിൽ ഒരു വിസ്മൃതിയും ഉണ്ടാകുന്നില്ല.

ഒരു വർഗ്ഗത്തിൻെറ വംശോല്പാദനശാലയിൽ ഒരിക്കലും മറ്റൊരു വർഗ്ഗത്തിൻെറ സന്തതി ഉല്പാദിക്കപ്പെടുന്നില്ല.

ആധുനിക പ്രജനനശാസ്ത്രത്തിൻെറ കണ്ടുപിടിത്തങ്ങൾ ഇവ്വിഷയകമായി അമ്പരപ്പിക്കുന്ന വസ്തുതകളാണ് വെളിപ്പെടുത്തുന്നത്.

ഓരോ ധാന്യമുളയിലും അതിൻെറ വർഗ്ഗശൃംഖല ഭാവിതലമുറകളിലേക്കു വ്യാപിക്കുന്നതിന്നാവശ്യമായ സമ്പൂർണമായ ഏർപ്പാടുകളുണ്ട്. അതുമൂലം വരുംതലമുറ അതിൻെറ വർഗ്ഗപരമായ സവിശേഷതകൾ മുഴുവനായും വഹിക്കുന്നു.

അതിലെ ഓരോ അംഗവും മറ്റംഗങ്ങളിൽനിന്ന് തൻേറതായ രൂപത്തിലും സ്വഭാവത്തിലും വ്യതിരിക്തമായിരിക്കും. ഈ വർഗ്ഗസ്ഥിരതയുടെയും പ്രജനനത്തിൻെറയും മാധ്യമങ്ങൾ ഓരോ മുളയിലും ഒരു കോശത്തിൻെറ ഒരുഭാഗത്ത് സ്ഥിതിചെയ്യുന്നു. ശക്തിയേറിയ ഭൂതക്കണ്ണാടിയിലൂടെ മാത്രമേ അത് കാണാൻ കഴിയൂ. ഈ ചെറിയ എഞ്ചിനീയർ തികഞ്ഞ കൃത്യതയോടെ മുളയുടെ ചലനങ്ങളെ സ്വന്തം വർഗ്ഗഗുണങ്ങളുടെ മാർഗ്ഗത്തിലൂടെ നയിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഒരു ഗോതമ്പുവിത്തിൽനിന്ന് ഇന്നുവരെയു

ണ്ടായ ഓരോ മുളയും ഗോതമ്പുചെടിതന്നെയായത്. ഏതുകാലാവസ്ഥയിലും ഭൂപ്രകൃതിയിലും അത് അങ്ങനെത്തന്നെ തുടരുന്നു.

ഇതുതന്നെയാണ് മനുഷ്യൻെറയും മറ്റു ജന്തുക്കളുടെയും അവസ്ഥയും. അവയിലൊരു വർഗ്ഗവും മുഴുവനായി ഒറ്റയടിക്ക് സൃഷ്ടിക്കപ്പെട്ടതല്ല. പ്രത്യുത, സങ്കല്പാതീതമാംവണ്ണം വിപുലമായ തോതിൽ നനാവശത്തും സൃഷ്ടിയുടെ ആവർത്തനപ്രക്രിയ അതിഗംഭീരമായ തോതിൽ അനുസ്യൂതം തുടരുകയാണ്.
ഓരോ വർഗ്ഗവും സ്വവർഗ്ഗത്തിൽ എണ്ണമറ്റ അംഗങ്ങളെ ഉല്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരാൾ പ്രജനനത്തിൻെറയും വംശവർദ്ധനയുടെയും അതി സൂക്ഷ്മ ബീജത്തെ നിരീക്ഷിക്കുന്നുവെന്നുവെക്കുക. അതു തൻെറ നിസ്സാരമായ ഉണ്മയുടെതന്നെ ഒരു ഭാഗത്തു സ്വന്തം വർഗ്ഗത്തിൻെറ വ്യതിരിക്തതകളും പൈതൃക ഗുണങ്ങളുമഖിലം സൂക്ഷിച്ചുവെച്ചിരിക്കുന്നു.
ഈ വ്യവസ്ഥയും പ്രക്രിയയും വഴിയാണ് ഓരോ വംശബീജവും അതിൻെറ വർഗ്ഗാംഗങ്ങൾക്ക് അസ്തിത്വം നൽകുന്നത്.
ഇതെല്ലാം കാണുന്ന ഒരാൾക്ക് അതിസൂക്ഷ്മവും സങ്കീർണ്ണവുമായ ഈ പ്രക്രിയകളൊക്കെ സ്വയം നിലവിൽ വരികയും അതിനുപുറമെ വിജാതീയ വർഗ്ഗങ്ങളിലെ കോടാനുകോടി അംഗങ്ങളോരോന്നും സ്വയം ശരിയായി പ്രവർത്തിക്കുകയും കൂടിചെയ്യുക സാധ്യമാണെന്ന് ഒരു നിമിഷം പോലും സങ്കല്പിക്കാനാവുമോ?

## ദൈവം

മനുഷ്യന് ചുറ്റുമുള്ള ഭൂമിമുതൽ ആകാശലോകംവരെയുള്ള പ്രപഞ്ച സാകല്യത്തിൽ കണക്കറ്റ അടയാളങ്ങൾ പരത്തപ്പെട്ടിരിക്കുന്നു.
സൂര്യൻ, ചന്ദ്രൻ, വായു, വെള്ളം, പറവകൾ, ഇഴജന്തുക്കൾ, നാൽക്കാലികൾ, കൃമികീടങ്ങൾ, കടൽ ജീവികൾ തുടങ്ങി സൃഷ്ടികളുടെ ഘടനയിലും സ്വഭാവത്തിലും വിളങ്ങുന്ന ജ്ഞാനത്തിൻെറയും യുക്തിയുടെയും ദൃഷ്ടാന്തങ്ങൾ അനാവരണം ചെയ്യുന്നത്, ഒരു ദൈവമില്ലാതെ ഇവയൊന്നും ഉണ്ടാവുക സാധ്യമല്ലെന്നും, അസ്തിത്വത്തിൻെറ ഈ പ്രവർത്തനശാലയുടെ നിർമാതാക്കളും നടത്തിപ്പുകാരും പല ദൈവങ്ങളാവുക വയ്യെന്നും വ്യക്തമാക്കുന്നു.
പ്രപഞ്ചത്തിൻെറയും അതിലെ സൃഷ്ടിയിൽ കാണുന്ന അദ്ഭുതങ്ങളും നിഗൂഢതകളും യുക്തികളും, പ്രപഞ്ചസ്രഷ്ടാവിൻെറ മഹത്വത്തിൻെറയും അപാരമായ കഴിവിൻെറയും നിർവിഘ്നം നടന്നുകൊണ്ടിരിക്കുന്ന ദൈവേച്ഛയുടെയും സുവ്യക്തങ്ങളായ ദൃഷ്ടാന്തങ്ങളും സ്പഷ്ടമായ പ്രമാണങ്ങളും തെളിവുകളുമാകുന്നു.

അപ്പോൾ, ഈ ലോകവും അതിലെ ഓരോ വസ്തുവും ലക്ഷ്യനിബദ്ധമാണെങ്കിൽ, ഈ ലോകത്തിലും അതിലെ ഓരോ വസ്തുവിലും ഒരു നിയമം പ്രവർത്തിക്കുന്നുണ്ടെങ്കിൽ, കോടാനുകോടി വർഷങ്ങളായി ഇതൊക്കെ ഇതേ ലക്ഷ്യബദ്ധതയോടെ വ്യവസ്ഥാപിതമായി നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ, എങ്കിൽ സർവജ്ഞനും യുക്തിമാനും സർവശക്തനുമായ ഒരു ദൈവം സൃഷ്ടിച്ചതാണവയെന്ന വസ്തുത സമ്മതിക്കാതിരിക്കാൻ കഴിയുമോ?

ഓരോ സൃഷ്ടിയും അതിനൊരു സ്രഷ്ടാവുണ്ടെന്ന് വ്യക്തമായി വിളിച്ചോതുന്നു. സൃഷ്ടിയുടെ ഭദ്രതയും ആസൂത്രണവും അവന്റെ ജ്ഞാനത്തെ കുറിക്കുന്നു. അവയുടെ ക്രമീകരണം അവന്റെ ഇച്ഛയേയും ഉദ്ദേശ്യത്തെയും വെളിപ്പെടുത്തുന്നു.

ഇതിന്റെ ആരംഭത്തിന് അഭിജ്ഞനായ ഒരു നിർമാതാവുണ്ടാവുകതന്നെവേണം. അനുനിമിഷം ഇവ ശരിയായ രീതിയിൽ ചരിച്ചുകൊണ്ടിരിക്കുന്നതിന് യുക്തിമാനും അജയ്യനുമായ ഒരു നിയന്താവും വേണം.

ഒരു നിമിഷം പോലും ഈ പ്രവർത്തനശാലയുടെ മേൽനോട്ടം വിസ്മരിക്കാത്ത മേലധികാരി!

**സർവജ്ഞനും യുക്തിമാനും സർവശക്തനുമായ ഒരു ദൈവം!**

---

**''അല്ലാഹു അവനല്ലാതെ ദൈവമില്ല. നിത്യസജീവൻ. പ്രപഞ്ച പരിപാലകൻ. അവനല്ലാതെ ആരാധ്യനില്ല. അവനെ ആലസ്യമോ നിദ്രയോ ബാധിക്കുന്നില്ല. ആകാശ ഭൂമികളിലുള്ളതെല്ലാം അവന്റേതാകുന്നു. അവന്റെ സമക്ഷത്തിൽ അനുമതികൂടാതെ ശുപാർശ ചെയ്യുന്നവനായി ആരുണ്ട്? സൃഷ്ടികളുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവൻ അറിയുന്നു. അവനുദ്ദേശിച്ചതല്ലാത്ത യാതൊന്നും അവന്റെ ജ്ഞാനത്തിൽനിന്ന് അവർക്ക് കരഗതമാകുന്നില്ല. അവന്റെ സിംഹാസനം ആകാശഭൂമികളോളം വിശാലമായിരിക്കുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ.**

**(വിശുദ്ധ ഖുർആൻ, 2:255)**

---